# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1088** **06.02.2020 ൽ മറുപടിക്ക്**

**കിഫ്ബി ഫണ്ട് മുഖേന പുതിയ പാലങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.രാജഗോപാലൻ** | **ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കിഫ്ബി ഫണ്ട് മുഖേന സംസ്ഥാനത്ത് എത്ര പുതിയ പാലങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര കിലോമീറ്റർ റോഡുകൾ പുനർ നിർമ്മിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലങ്ങളിൽ ഇതുവരെയായി 18 പാലങ്ങളുടെ പ്രവൃത്തി ആരംഭിച്ച് നടന്നു വരുന്നു. ഈ പാലങ്ങളുടെയൊന്നും തന്നെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ 2454 കി.മീ. നീളം വരുന്ന 168 റോഡുകൾക്കും, 513.6 കി.മീ നീളം വരുന്ന 20 മലയോര ഹൈവേ പ്രവൃത്തികൾക്കും, 18.85 കി.മീ നീളം വരുന്ന 2 തീരദേശ ഹൈവേ പ്രവൃത്തികൾക്കും നിലവിൽ കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതിൽ 1408 കി.മീ വരുന്ന 97 റോഡുകളുടേയും, 177.7 കി.മീ.നീളം വരുന്ന 7 മലയോര ഹൈവേ പ്രവൃത്തികളുടേയും 15 കി.മീ. നീളം വരുന്ന 1 തീരദേശ ഹൈവേ പ്രവൃത്തിയുടേയും നിർമ്മാണം ആരംഭിക്കുകയും 64.6 കി.മീ. വരുന്ന 7 റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കേരളത്തിൽ നിലവിൽ എത്ര കിലോമീറ്റർ റോഡുകൾ പൊതുമരാമത്ത് അധീനതയിൽ ഉണ്ടെന്നും ഇതിൽ എത്ര കിലോമീറ്റർ നിലവിൽ പരിഷ്കരിക്കാൻ നടപടിയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ അധീനതയിൽ 4342 കി.മീ. സംസ്ഥാനപാതയും 27470 കി.മീ പ്രധാന ജില്ലാ പാതകളുമാണ് ഉള്ളത്. ഇതിൽ 9530 കി.മീ. റോഡ് കഴിഞ്ഞ നാല് വർഷങ്ങളിൽ പുനരുദ്ധരിച്ചിട്ടുണ്ട്. കൂടാതെ പ്ലാൻ, നബാർഡ് ഫണ്ടുകളിൽ ഭരണാനുമതി ലഭിച്ച 2800 കി.മീ റോഡുകളുടെ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**